# വിത്തും മിത്തും

വി.കെ. ശ്രീധരൻ

**"എന്റെ** കൂട്ടുകാരെല്ലാം പോയല്ലോ, എന്നെ കൊണ്ടുപോയില്ലല്ലോ" എന്ന വീണുപോകുന്ന വിത്തിന്റെ വിലാപം അതിനാൽ വിതക്കാൻ വിത്തുകൊണ്ടുപോകുമ്പോൾ താഴത്തു വീഴുന്ന വിത്തുകളെല്ലാം പെറുക്കി കൊണ്ടുപോകും. അല്ലെങ്കിൽ ശാപമേല്ക്കും എന്ന് വിശ്വാസം. പഴമക്കാരുടെ വാക്കും പോക്കും അതീവ സൂക്ഷ്മതയോടെ. മൂന്നു മൂക്ക്, നാല് നാക്ക്, നടകാല് പത്ത് എന്ന കടംകഥയുടെ ഉത്തരം കന്നുപൂട്ട്. പുള്ളുവരുടെ കറ്റപ്പാട്ട് തെങ്ങും (നാണ്യവിള) നെല്ലും (ഭക്ഷ്യഭദ്രത) തമ്മിലുള്ള വാഗ്വാദം. കേരളീയരുടെ മുഖ്യാഹാരമായ നെല്ലിന് അന്തിമവിജയം. നവധാന്യത്തിൽ അരിയുടെ ദേവൻ ചന്ദ്രൻ. മകം നെല്ലിന്റെ നാൾ.



അച്ഛൻ കൊമ്പത്ത്
അമ്മ വരമ്പത്ത്

കള്ളൻ ചക്കേട്ടു
കണ്ടാമിണ്ടണ്ട
കൊണ്ടോയ് തിന്നോട്ടെ-

എന്നത് മഴപ്പാട്ട്. പഴഞ്ചൊല്ലിൽ പതിരില്ല എന്നു പറയുമ്പോൾ അത് പഴമയെ കുറിച്ചുള്ള ചൊല്ല് (Metafolklore) കൃഷി ഗീതയിൽ അടയാളപ്പെടുത്തുന്നത് ദേശം തിരിച്ചുള്ള 108 നെൽവിത്തുകൾ. ഉദാ : ഇടനാട് - ആരിയൻ, കഴമ, വട്ടൻ, കുട്ടനാടൻ, ചേപ്പിലക്കാടൻ തുടങ്ങിയവ.

കുട്ടനാട് : പൊക്കാളി, കുറ്റാരിയൻ, ചുവന്നാരിയൻ, ചെന്നെല്ല് എന്നിങ്ങനെയും കാരെള്ള്, വട്ടെള്ള്, പനികുടപ്പൻ, കുട്ടനാടൻ, വെള്ളെള്ള്, വലിയെള്ള്, ചെറിയെള്ള് ഇപ്രകാരം എള്ളിനെപ്പോലും വേർതിരിക്കുന്നു. നവരകിഴിയും കർക്കിടക കഞ്ഞിയും രോഗനിവാരണത്തിനും സാസ്ഥ്യ പരിരക്ഷക്കും മല്ലീശ്വരൻ മുടിയിൽ അട്ടപ്പാടിയിലെ ആദിവാസികൾ ശിവരാത്രി ദിവസം സമർപ്പിക്കുന്ന പ്രസാദമായി അവർ വയൽക്കളത്തിലെത്തിക്കുന്നു. കൃഷികാര്യങ്ങൾ നിശ്ചയിക്കുന്നത് മണ്ണുക്കാരൻ. 'ഇല്ലംനിറ' കൊയ്ത്തിനുമുൻപ് കതിർകുല കൊണ്ടുവന്നുള്ള പൂജ.

ഇല്ലംനിറ വല്ലംനിറ പത്തായം നിറ വട്ടിനിറ, കുട്ടനിറ, ഇല്ലത്തമ്മേടെ വയറുനിറ നിറ നിറ നിറയോ നിറ എന്ന് പാട്ട്. 'പുത്തിരി' വിളവെടുപ്പു കഴിഞ്ഞുള്ള ആദ്യപാചകം. ഭൂമി രജസ്വലയാകുന്ന ഇരുപത്തെട്ടുച്ചാലിന് (മകരം 28) കൃഷിപ്പണി നിഷിദ്ധം. മുളകൊട്ട് (തെയ്യം), തോറ്റംപാട്ടുകൾ, കതിർവരമ്പ്, നേർച്ചക്കൊട്ടുകളി, കോതാമൂരിയാട്ടം, കണ്യാർകളി തുടങ്ങിയവ വിത്തുസംബന്ധിയായ ദൃശ്യോത്സവങ്ങൾ. മകരം കുംഭം മാസങ്ങളിലെ അശ്വതി, ഭരണി, കാർത്തിക നാളുകളിൽ കാവുകളിൽ, കാവിലെ വയലേലകളിൽ വേലപൂരങ്ങൾ. മകരക്കൊയ്ത്തിനുശേഷമുള്ള എള്ളുകൃഷിയും വേനൽക്കാല പച്ചക്കറി കൃഷിയും മാറ്റുകൂട്ടുന്നത് വിഷുവാണിഭത്തെ.

വിത്തും വൈദ്യവും വിത്തും ജ്യോതിഷവും വിത്തും ചൊല്ലുകളും വിസ്മയാവഹം. 'ഞാറ്റിൽ പിഴച്ചാൽ ചോറ്റിൽ പിഴച്ചു' വിത്താഴം ചെന്നാൽ പത്താഴം നിറയും, 'ഭരണിയിലിട്ട വിത്തും ഭരണിയിലിട്ട നെല്ലിക്കയും കേമം', 'കതിരിൽ വളംവെക്കരുത്', 'ആരിയൻ വിതച്ചാൽ നവര വിളയുമോ', 'വിത്തുഗുണം പത്തുഗുണം'.

കുംഭത്തിൽ മഴപെയ്താൽ കുപ്പയിലും നെല്ല്

കണ്ണീരിൽ വിളഞ്ഞ വിദ്യയും തണ്ണീരിൽ (വെണ്ണീരിൽ) വിളഞ്ഞ നെല്ലും

വയലേലകൾ വൈവിധ്യത്തിന്റെ കലവറ. പൊക്കാളി, പടുവം (തിരുവനന്തപുരം ജില്ലയിലെ പൊക്കാളി രീതിയിലുള്ള കൃഷി) ഓര് വെള്ളം കയറി ഇറങ്ങുന്ന സമുദ്രനിരപ്പിൽ നിന്നും താഴെയുള്ള പാണ്ടിനിലം, കരഭൂമിയായ കരഞ്ഞാലുകൾ, പുഴത്തടത്തിൽ നിന്നും അല്പം ഉയർന്ന തിടിൽ നിലങ്ങൾ (കണ്ണൂർ) മഴയെ മാത്രം ആശ്രയിച്ചുള്ള ഒരുപ്പൂ നിലങ്ങളായ പള്ള്യാല് എന്നിങ്ങനെ കൃഷിഭൂമിയുടെ വൈചിത്ര്യങ്ങൾ. ശുദ്ധജല മത്സ്യങ്ങൾ ഞണ്ട്, ഞവുണിക്ക, ചെമ്മീൻ മറ്റു ജീവികൾ, കിളികൾ, ദേശാടന പക്ഷികൾ, പാമ്പുകൾ, കൈത, ഈറ്റ, അമ്മ, ആമ്പൽ, താമര, അപൂർവ്വ ഔഷധസസ്യങ്ങൾ എന്നിവ ജൈവ വൈവിധ്യത്തിന്റെ തുടിപ്പുകൾ. ഇരുപത്തഞ്ചു ഇതളുകൾ വരെയുള്ള ചവിട്ടുചക്രങ്ങൾ, ലളിതമായ വേത്ത്, പത്തനംതിട്ട ജില്ലയിലെ തോണി മുതലായവ ജലസേചനയന്ത്രങ്ങൾ. കോൾ നിലങ്ങളിൽ പുതുതായി ഏർപ്പെടുത്തിയ പറയും വേഗത്തിൽ വെള്ളം വറ്റിക്കാനുള്ള ഉപാധി. ജലയാഗങ്ങളും, തോണിപ്പാട്ടും, കാളപൂട്ടു മത്സരവും ഞാറ്റുപ്പാട്ടും കൊയ്ത്തുപാട്ടും വടക്കൻ പാട്ടുകളും ഒക്കെയും കൊണ്ട് വയൽക്കളങ്ങൾ മുഖരിതം. നെടുങ്കണ്ടം (ഇടുക്കി) പുത്തൂർ വയൽ,

# അടാട്ടിന്റെ വിജയഗാഥ

**ജലീൽ**

**നെൽകൃഷി** ലാഭകരമല്ലെന്ന പതിവു പല്ലവിക്ക് മറുപടി പറയേണ്ടത് കാർഷിക ശാസ്ത്രജ്ഞരോ കൃഷിമന്ത്രിയോ അല്ല, തൃശൂരിലെ അടാട്ട് പഞ്ചായത്തിലെ കോൾകർഷകരാണ്. ഏതു വിളയ്ക്കും സംഭവിക്കുന്ന നഷ്ടം മാത്രമേ നെല്ലിനും സംഭവിക്കൂ. അതിനുകാരണം കൃഷിനടത്തിപ്പിലെ പോരായ്മകളാണെന്ന് ഇവർ പറയുന്നത് വിശ്വസിക്കാൻ പ്രയാസമുണ്ടെങ്കിൽ വരിക, അൽപനേരം അടാട്ടിലെ കോൾ നിലങ്ങളിലേക്ക്.

അടാട്ട് പഞ്ചായത്ത് ഇന്ന് സംസ്ഥാനത്തിനുതന്നെ മാതൃകയാകുന്നത് നെൽകൃഷിയിലെ ലാഭത്തേക്കാളുപരി ജൈവകൃഷി രീതിയിൽ പരമാവധി വിളവെടുത്തുകൊണ്ടാണ്. 3200 ഏക്കറാണ് അടാട്ടിലെ കോൾനിലം. ഇതിൽ പരമ്പരാഗതമായി കൃഷി ഇറക്കുന്നവർക്ക് ലഭിക്കുന്നത് 35 ശതമാനം മേനി വിളവാണ് . സംസ്ഥാനത്ത് ഇത് ശരാശരിക്കുമുകളിലാണ്. പക്ഷേ ഉല്പാദനച്ചെലവോ ഇന്നത്തേതിന്റെ ഏതാണ്ടിരട്ടിയും.ഒരുകോടി രൂപയായിരുന്നു രാസകീടനാശിനികൾക്ക് മാത്രമായി അടാട്ടിലെ കർഷകർ ഓരോ വിളയ്ക്കും ചെലവഴിച്ചിരുന്നത്.

2003ൽ അടാട്ട് കൃഷിഭനിൽ വന്ന കൃഷി ഓഫീസർ പി. മാത്യുഉമ്മനാണ് അടാട്ടിനെ സ്വപ്നഭൂമിയാക്കാൻ മുൻകയ്യെടുത്തത്. സമുദ്രനിരപ്പിനുതാഴെ വർഷത്തിൽ 8 മാസവും വെള്ളം കെട്ടിക്കിടക്കുന്ന കോൾനിലങ്ങൾക്ക് എന്തുകൊണ്ട് രാസകീടനാശിനികളില്ലാതെ കൃഷി നടത്തിക്കൂടാ. ഈ ചിന്ത ഒരു നാന്ദിയായത് കർഷകരുടെ കൂടിപിന്തുണകൊണ്ടായിരുന്നുവെന്ന് മാത്യുഉമ്മൻ പറയുന്നു. 2004ലെ കൃഷിയിറക്കലിന് രാസവസ്തുക്കൾ പരമാവധി കുറക്കാൻ നിർദേശം നൽകി. പകരം ട്രൈക്കോകാർഡ്,സ്യൂഡോമോണോസ് എന്നീ ജൈവകീടനാശിനികൾ ഉപയോഗിച്ചുതുടങ്ങി. വെള്ളം പമ്പുചെയ്തുകളയിലിനും മറ്റുമായി 12 ലക്ഷം രൂപ അടാട്ട് ഗ്രാമപഞ്ചായത്ത് പാടശേഖരസമിതികൾക്ക് നൽകി. സംസ്ഥാന സർക്കാർവക 12 ലക്ഷവും. വിപ്ലവകരമായിരുന്നു മാറ്റം.

വിളവ് കുറഞ്ഞില്ലെന്ന് മാത്രമല്ല, ഉത്പാദനച്ചെലവ് 25 ശതമാം വരെ കുറയുകയും ചെയ്തത് കർഷകരിൽ ഉൽസാഹം ഉളവാക്കി.

ഇന്ന് 10 ശതമാനത്തിൽ താഴെ മാത്രമാണ് ഈ പാടശേഖരത്ത് രാസവളപ്രയോഗം നടത്തുന്നത്. പുഞ്ചകൃഷി ഇത്രയും ചെലവ് കുറഞ്ഞ് നടത്തുന്ന ഇത്രഏക്കർ കൃഷി സംസ്ഥാനത്തിന് തന്നെ റിക്കോർഡാണ്.3 വർത്തെ അനുഭവം മാറിച്ചിന്തിക്കേണ്ട ആവശ്യമുണ്ടാക്കിയില്ലെന്ന് മത്രമല്ല, ഇത്തവണ അടാട്ട് ഫാർമേഴ്സ് സഹകരണസംഘത്തിന്റെ 800 ഏക്കർ പാടശേഖരസമിതി പൂർണജൈവകൃഷിയിറക്കി മറ്റൊരു റിക്കാർഡും സൃഷ്ടിച്ചിരിക്കയാണ്. ഇനി അടാട്ട് ജൈവനെല്ല് മാർക്കറ്റിലിറങ്ങാൻ അധികം താമസമില്ലെന്നർഥം.ജോലിയിൽനിന്ന് 4 മാസം വരെ അവധിയെടുത്ത് നെൽകൃഷിക്കിറങ്ങുന്നവർ ഇവിടെ വർധിക്കുന്നത് കൃഷി നഷ്ടമെന്ന് വിലപിക്കുന്നവർക്കുള്ള മറുപടിയാണ്. മാത്യു ഉമ്മനെകൂടാതെ അടാട്ട് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അനിൽ അക്കര, അടാട്ട് ഫാർമേഴ്സ് സഹകരണ സംഘം പ്രസിഡണ്ട് എം.വി രാജേന്ദ്രൻ തുടങ്ങിയവരുടെ സേവന തൽപരതയാണ് ഈ അടാട്ട് വിജയത്തിനു പിന്നിൽ.

---

മാണ്ട വയൽ, അമ്പലവയൽ (വയനാട്) നെല്ലൂർ (ആന്ധ്ര), തിരുനെൽവേലി (തമിഴ്നാട്) എന്നിങ്ങനെ വയൽപേരുകൾ സംഗീതാത്മകം. പുലം എന്നത് കൃഷിയിടം. നന്തിപുലം, കോന്തിപുലം എന്നിവ ഉദാഹരണങ്ങൾ. ഭൂമിയുടെ ഉടയവർ പുലയർ. ഇനിയും പഠന വിധേയമാക്കേണ്ടത്. കീഴാള-മേലാള-ഭൂബന്ധങ്ങൾ. കലയും കൈവേലയും സംസ്കൃതിയും സമന്വയിക്കുന്ന, ദീർഘദർശിത്വത്തിന്റെയും പ്രാദേശിക പാഠങ്ങളുടെയും മിന്നലാട്ടങ്ങൾ ദൃശ്യമാകുന്ന വയൽ പരപ്പുകളിൽ അരങ്ങേറാൻ പോകുന്നത് ഫാം ടൂറിസവും റെയിൽ ടൂറിസവും. വിത്തും കൈക്കോട്ടുമായെത്തുന്ന വിഷുപക്ഷി (മഞ്ഞകിളി) ഇന്നില്ല. ആയിരത്തിലേറെയുണ്ടായിരുന്ന വിത്തിനങ്ങൾ ഇന്ന് ഓർമ്മ മാത്രം. ശ്രീഭഗവതി കൈയിൽ വാരിവിതച്ചു എന്ന സങ്കല്പവുമായി വയലുകൾതോറും സഞ്ചരിച്ച് പുള്ളുവർ പാടുന്ന കറ്റപ്പാട്ടിൽ പൊലിക്കുന്നത് കേരളത്തിലുണ്ടായിരുന്ന നെല്ലിനങ്ങൾ. എണ്ണക്കുഴമ്പൻ, പൊൻകിളിവാലൻ, പൊന്നാരിയൻ, കാരാരിയൻ, പോരാരിയൻ, വരിനെല്ല്, മോടകൻ, ചെന്നൽ, ചിറ്റേനി, അഴുവൻ, പാൽക്കഴമ, ജീരകശാല, ഗന്ധകശാല മുതലായവ. ജനിതക എഞ്ചിനിയറിംഗിലൂടെ വിളവൈവിധ്യത തകർന്നപ്പോൾ, അന്തക വിത്തുകളുടെ വരവായി. ആസുരഭാവിയെ കുറിച്ച് കൃഷിഗീത

**പണ്ടുപണ്ടുള്ള വിത്തുകളെല്ലാമേ**
**കണ്ടാലുമറിയാതെ മറഞ്ഞുപോയ്**
**നിഷ്ഠൂരങ്ങളാമിന്നുള്ള വിത്തുകൾ**
**കുഷ്ഠരോഗാദി വർദ്ധിപ്പിക്കും ദൃഢം.**

സമീകൃതാഹാരം സാധ്യമാക്കിയിരുന്ന ഇടവിളകളും സമ്മിശ്ര കൃഷിയും അപ്രത്യക്ഷമായി (ഉദാ: തിന, ചാമ, മുത്താറി, ചോളം, തുവര എന്നിവ) വ്യാപാര സമുച്ചയങ്ങൾക്കും വാസദേഹങ്ങൾക്കും വാഴകൃഷിക്കും നാണ്യവിളകൾക്കുമായി. വയലുകൾ വഴിമാറുന്നു. ഡാമുകൾ വന്നതോടെ പുഴകൾ ആവാഹിച്ചു കൊണ്ടുവന്നിരുന്ന മലമട്ടം മലവെള്ളവും നിലച്ചു. മണ്ണ്/മണൽ ഖനനത്തിലൂടെ തണ്ണീർത്തടങ്ങൾ കണ്ണീർക്കയങ്ങളായി. കളിക്കളം കൈവിട്ട കുട്ടികൾ. ആവാസവ്യവസ്ഥയുടെ നാശത്തിൽ അതിജീവനത്തിനായി പൊരുതുന്ന ജലജീവികൾ/സസ്യങ്ങൾ. രാസവള കീടനാശിനികൾ കൂടിയായപ്പോൾ ഇന്ന് വിത്തില്ല. (ബീജാങ്കുരണശേഷി നഷ്ടപ്പെട്ടു) എല്ലാം വിത്തൗട്ട്. പുത്തൻ തലമുറയുണ്ടാകുമോ? തലയുമില്ല, മുറയുമില്ല. അങ്ങോളമിങ്ങോളം അലമുറകൾ മാത്രം.

**അധികവായനക്ക്**


1. **'വിത്ത്'**, എഡി. ഡോ. സി.ആർ. രാജഗോപാലൻ, നാട്ടറിവു പഠനകേന്ദ്രം, തൃശ്ശൂർ-27
2. **കൃഷിഗീത**, എഡി. സി.ആർ. രാജഗോപാലൻ, ടി.ടി. ശ്രീകുമാർ, നാട്ടറിവു പഠനകേന്ദ്രം, തൃശ്ശൂർ-27
3. **കൃഷിയുടെ നാട്ടറിവുകൾ,** എഡി. വി.കെ. ശ്രീധരൻ, ഡി.സി. ബുക്സ്, കോട്ടയം.
4. **കൃഷി മലയാളം,** സി.കെ. സുജിത്കുമാർ, സംസ്കൃതി, കണ്ണൂർ